"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.214/എഫ്.എം3/2021/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12/11/2021

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വരൾച്ച സമയത്ത് കടിവെള്ളം വിതരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ പരിധി കഴിഞ്ഞ തുകയുടെ സാധൂകരണം - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1)സ.ഉ(സാധാ)നം. 500/2019/തസ്വഭവ തീയി 02/03/2019.
2)സ.ഉ(സാധാ)നം. 494/2020/തസ്വഭവ തീയി 27/02/2020.
3)സ.ഉ(സാധാ)നം. 464/2021/തസ്വഭവ തീയി 15/02/2021.
4)വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.3.

വരൾച്ച സമയത്ത് കടിവെള്ളം വിതരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൂചിത സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം മാർച്ച് 31 വരെയും ഏപ്രിൽ 1 മുതൽ മെയ് 31 വരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവാക്കാവുന്ന തുകയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട് . ഈ ഇനത്തിലുള്ള ചെലവിന്റെ വൗച്ചറുകൾ ജില്ലാ കളക്ടർക്ക് നൽകുമ്പോൾ അനുവദനീയ തുക റീ ഇംബേഴ്സ് ചെയ്ത് നൽകി വരുന്നു. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽ ഉത്തരവുകളിൽ പരാമർശിക്കുന്നതിനേക്കാൾ അധിക തുക ചെലവഴിക്കുകയും അതിനുള്ള സാധൂകരണത്തിനായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം സാധൂകരണം ലഭിക്കാനുള്ള അപേക്ഷകൾ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതല്ല എന്ന് സൂചന 4 പ്രകാരം തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ അപ്രകാരമുള്ള അപേക്ഷകൾ വകുപ്പ് തലത്തിൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.